ഉത്തരം

(എ) നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർമാർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലും, പ്രൊമോഷൻ വഴിയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന ഹൈസ്കൂളിലെ യോഗ്യതയുള്ള ഹെഡ്മാസ്റ്റർ മാർക്ക് ട്രാൻസ്ഫർ വഴിയും 2: 1 എന്ന അനുപാതത്തിലാണ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാരെ നിയമിക്കുന്നത്. ഹയർ സെക്കന്ററി സ്കൂളുകളിൽ ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ തസ്തിക നിലവിലില്ല.

(ബി& സി) പ്ലസ് ടൂ വിഭാഗത്തിൽ ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ തസ്തിക നിലവിലില്ല. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടേയും കോഴ്സുകളുടേയും ആവശ്യകത സംബന്ധിച്ച സർവ്വേ

108 (2048) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എത്രത്തോളമായിട്ടുണ്ട് ;

(ബി) പുതുതായി ആരംഭിക്കുന്ന സ്കൂളുകളിൽ എത്ര എണ്ണം സർക്കാർ സ്കൂളുകളായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ ;

(സി) എത്ര സ്കൂളുകൾക്കാണ് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി തേടിയിട്ടുള്ളത് ;

(ഡി) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടേയും കോഴ്സുകളുടേയും ആവശ്യകത സംബന്ധിച്ച് ഏതെങ്കിലും സർവ്വേകൾ നടന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണ് നടത്തിയത് ; സർവ്വേ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഇ) പുതിയ സ്കൂളുകളും കോഴ്സുകളും അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ അംഗീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായതിനാൽ 2003-04 അദ്ധ്യയനവർഷം സംസ്ഥാനത്ത് പുതിയ സ്കൂളുകളും, കോഴ്സുകളും ആരംഭിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിനു നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) രണ്ട് ബാച്ചുകൾ വീതമുള്ള 100 പുതിയ സ്കൂളുകളും, നിലവിലുള്ള സ്കൂളുകളിൽ 200 അധിക ബാച്ചുകളും അനുവദിക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ആവശ്യകത, നടത്തിപ്പ്, കാലഹരണപ്പെട്ട കോഴ്സുകൾ ഒഴിവാക്കൽ ആധുനിക സാങ്കേതികവിദ്യ സമന്വയിപ്പിച്ചുകൊണ്ട് പുതിയ കോഴ്സുകളുടെ നടത്തിപ്പ് എന്നിവയെ സംബന്ധിച്ച് വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പും, സംസ്ഥാന ആസൂത്രണ ബോർഡും സംയുക്തമായി ഒരു സർവ്വേ നടത്തിവരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ) ഉണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ലക്ചറർമാരുടെ വേക്കൻസിയിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന് സംവരണം

109 (2049) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച 02-01-2001-ലെ ജി.ഒ. (ആർ.ടി.) 28/01/ജി.ഇ.ഡി.എൻ. നമ്പർ ഉത്തരവ് പ്രകാരം വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ലക്ചറർമാരുടെ വേക്കൻസിയിൽ പത്ത് ശതമാനം തസ്തിക മിനിസ്റ്റീരിയൽ സ്റ്റാഫിന് സംവരണം നൽകിയിരുന്നുവോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ ഉത്തരവ് പ്രകാരം ഇതുവരെ എത്രപേർക്ക് ലക്ചറർ ആയി ജോലി നൽകിയിട്ടുണ്ട് ;

(സി) ഈ ഉത്തരവിൻ പ്രകാരം പുതുതായി നിയമനത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഡി) ഇവർക്കും നിയമനം നൽകുമോ ?

ഉത്തരം

(എ) കോടതി വിധിയുടെ അടിസ്ഥാനത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ യു.ഡി. ക്ലാർക്കായ ജൂഡി തോമസിന്റെ നിവേദനം പരിശോധിച്ച് നോൺ വൊക്കേഷണൽ ലക്ചററായി താൽക്കാലികമായി നിയമിച്ച ഉത്തരവാണ് ജി.ഒ. (ആർ.ടി.) 28/01/ ജി.ഇ.സി. തീയതി 2-1-2001. ഈ ഉത്തരവ് പ്രകാരമല്ല മിനിസ്റ്റീരിയൽ സ്റ്റാഫിന് സംവരണം നൽകിയത് ; ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

(ബി) ഈ ഉത്തരവു പ്രകാരം ജൂഡി തോമസിന് ഒഴികെ മറ്റാർക്കും നിയമനം നൽകിയിട്ടില്ല.

(സി & ഡി) ബാധകമല്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly